**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 623 | 01.12.2015-ൽ മറുപടിക്ക്

**ഇ-പ്രൊക്യൂർമെന്റ് പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇ-പ്രൊക്യുർമെന്റ് പദ്ധതിയുടെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) | 12/5/2015-ലെ സ.ഉ.(കൈ) നമ്പർ 13/2015/വി.സ.വ സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷത്തിനു മുകളിൽ മൂല്യം വരുന്ന എല്ലാ ടെൻഡറുകളും നിർബന്ധമായി ഇ-സംഭരണം വഴി നടപ്പിലാക്കണമെന്ന് സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇതു കൂടാതെ പദ്ധതിയുടെ ഏകോപനത്തിനും നടത്തിപ്പിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഉന്നതതല നേതൃത്വ സമിതിയും കൂടാതെ ഒരു പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റും നിലവിലുണ്ട്. കരാറുകാർക്ക് ടെണ്ടർ ഫീസും നിരതദ്രവ്യവും നേരിട്ട് ഓൺലൈനിൽ അടക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കും കരാറുകാർക്കും പരിശീലനം നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ സഹായക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഈ പദ്ധതി ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ; | (ബി) | സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകളും, പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകളും ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. |

(സി) ഇ-പ്രൊക്യുർമെന്റ് പദ്ധതി പ്രകാരം പ്രസ്തുത വകുപ്പുകൾ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) കരാറുകാർക്ക് എവിടെ നിന്നും എപ്പോൾ വേണമെങ്കിലും ഓൺലൈൻ മുഖേന കരാറുകൾ സമർപ്പിക്കുവാൻ കഴിയും. ടെണ്ടർ പ്രക്രിയയുടെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കുന്നതിനും, സർക്കാർ അക്കൗണ്ടിലേക്ക് യഥാസമയം പണം എത്തിച്ചേർന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും, സ്ഥാപനങ്ങൾക്ക് ഡിമാന്റ് ഡ്രാഫ്റ്റുകൾ സ്വീകരിക്കുക, ആയത് കാത്തു സൂക്ഷിക്കുക, സർക്കാരിലേക്ക് അടക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഒഴിവാക്കുവാനും കഴിയും. തെരഞ്ഞെടുക്കപ്പെടാത്ത കരാറുകാർക്ക് ഓൺലൈനിലൂടെ നിരതദ്രവ്യം തിരികെ ലഭിക്കുന്നതിലൂടെ ഇക്കാര്യത്തിലുള്ള കാലതാമസം ഇല്ലാതാകും. കരാറുകാർ തമ്മിലുള്ള ആരോഗ്യകരമായ മത്സരം സാധ്യമാകുന്നതിലൂടെ പ്രൊക്യുർമെന്റ് ചെലവ് കുറയുകയും തന്മൂലം സർക്കാരിന് കൂടുതൽ സാമ്പത്തിക നേട്ടം കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണമായി സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി) അഞ്ചു ലക്ഷം രൂപക്ക് മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-പ്രൊക്യുർമെന്റ് പദ്ധതി നിർബന്ധമാക്കിയതു വഴി മുഴുവൻ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും, ബോർഡുകളും ടി പദ്ധതിയുടെ പരിധിയിൽ വരും.

സെക്ഷൻ ഓഫീസർ